Committee have not been taken up with a view to provide adequate funds for works in progress.

(*b*), (*c*) and (*d*) The question of lapse of budget provision arises only on the expiry of the year to which the budget relates and the amount of lapse, if any, can be ascertained only next year after the accounts are finally closed. It is expected that the provision made under the Revenue Budget will be spent in full.

പീടികത്തൊഴിലാളിനിയമം

൧൧൬. (൩൪) കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പീടികത്തൊഴിലാളിനിയമം നടപ്പിലാക്കിയിട്ട് എത്ര നാളായി;

(ബി) അതിന്റെ പ്രവർത്തനത്തിനു് ഇൻസ്പെക്ടർമാരെ നിയമിച്ചോ?

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) എട്ടുമാസമായി (ശവമ്മെണ്ടിന്റെ ഡൻ— @— ൻ @ ൦-ലെ നമ്പർ എൽ- ൧/ഡൻ ൦/ @ ൦/ഡി. ഡി. നോട്ടിഫിക്കേഷൻ അനുസരിച്ചു് ൧൯ @ ൦ ജൂൺ ൧൩൫൰ മുതലാണു് നടപ്പിലാക്കിയതു്.

(ബി) ഇല്ല.

(സി) ബി യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

തുറമുഖത്തൊഴിലാളികൾ

൧൧൭. (൩൫) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി തുറമുഖത്തൊഴിലാളികളുടെ അവശതകളെപ്പറ്റി അന്വേഷിച്ചു് സമർപ്പിച്ച റിപ്പോർട്ടനുസരിച്ചു് എന്തെങ്കിലും നടപടി ശവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സ്വീകരിച്ചിട്ടുണ്ടു്.

സഞ്ചാരസൗകര്യം

൧൧൮. (൩൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

കമ്പളം, കുണ്ടന്നൂർ, പനങ്ങാടു്, ചേപ്പനം, നെട്ടൂർ മുതലായ ദ്വീപുകൾ തമ്മിലുള്ള പട്ടണങ്ങളോടു ഘടിപ്പിച്ചു് സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുവാൻ ശവമ്മെണ്ടിനു് ഒരു സ്കീം ഉണ്ടോ; എന്താണു് സ്കീം?

പൊതുമരാമത്തും ഗതാഗതവും വകുപ്പു് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്): ഉണ്ടു്. ഈ ദ്വീപുകളെ, എറണാകുളം, വില്ലിംഗ്ടൺ ദ്വീപു്, മട്ടാഞ്ചേരി ഈ സ്ഥലങ്ങളോടു ഘടിപ്പിക്കത്തക്കവണ്ണം, തുപ്പുണിത്തുറനിന്നു് വില്ലിംഗ്ടൺ ദ്വീപിലേക്കു് ഒരു റോഡു് തുറക്കുക എന്നുള്ളതാണു് പ്രസ്തുത സ്കീം.

LIBRARY ARCHIVES Kerala Legislative Assembly